
# ACADEMIC MASTER PLAN

# 2025-2026

## ST.M.M.G.H.S. KURICHY



# ഉള്ളടക്കം...


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്
- പദ്ധതി രൂപീകരണം പ്രക്രിയ -വിവിധ ഘട്ടങ്ങൾ
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിട്ടറിംഗ്
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

- വിദ്യാലയത്തിന്റെ പേര് : സെന്റ് മേരി മഗ്ദലനാസ് ഗേൾസ് ഹൈസ്കൂൾ കുറിച്ചി
- വിലാസം : സചിവോത്തമപുരം പി.ഓ.കുറിച്ചി,കോട്ടയം
- ഫോൺ : 0481-2435874
- സ്കൂൾ കോഡ് : 33020
- വിദ്യാഭ്യാസ ഉപജില്ല : ചങ്ങനാശ്ശേരി
- ബി.ആർ.സി. : ചങ്ങനാശ്ശേരി
- സി.ആർ.സി. : കുറിച്ചി
- ഗ്രാമ പഞ്ചായത്ത് : കുറിച്ചി
- ബ്ലോക്ക് പഞ്ചായത്ത് : പള്ളം
- ജില്ലാ പഞ്ചായത്ത് : കോട്ടയം ( കുറിച്ചി ഡിവിഷൻ )
- നിയമസഭാമണ്ഡലം : ചങ്ങനാശ്ശേരി
- ലോക സഭ മണ്ഡലം : മാവേലിക്കര
- താലൂക്ക് : ചങ്ങനാശ്ശേരി
- വില്ലേജ് : കുറിച്ചി
- ഇ-മെയിൽ :stmmghskurichy@gmail.com
- സ്കൂൾ വിക്കി :Kottayam revenue district

  Kottayam educational district

# സെന്റ് എം എം ജി എച്ച്. എസ്. കുറിച്ചി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

ആമുഖം

കുറിച്ചി ഗ്രാമപഞ്ചായത്തിൽ, കുറിച്ചി ഗ്രാമത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് സെന്റ്. മേരി മഗ്ദലനാസ് ഗേൾസ് ഹൈസ്കൂൾ മന്ദിരം സ്കൂൾ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. ചരിത്രപരവും ഐതിഹ്യപരവുമായ പെരുമയേറിയ നാടാണ് കുറിച്ചി. വിഷ്ണുവിന്റെയും ലക്ഷ്മിയുടെയും നാടെന്ന അർത്ഥത്തിൽ 'ഗുരുടശി പുരം' എന്നാണ് ഈ നാട് പണ്ട് അറിയപ്പെട്ടിരുന്നത്. പിന്നീട് ആ പേര് ചുരുങ്ങി 'കുറിച്ചി' എന്നായി. ഇതാണ് ഐതിഹ്യം. പ്രശസ്തരായ കഥകളി ആർട്ടിസ്റ്റ് കുഞ്ഞൻ പണിക്കർ ആശാൻ, കുറിച്ചി കൃഷ്ണപിള്ള എന്നിവർ ജനിച്ചത് ഈ ഗ്രാമത്തിലാണ്. കൂടാതെ ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പി. എൻ. പണിക്കർ ജനിച്ചതും കുറിച്ചിയുടെ സമീപ ഗ്രാമമായ നീലംപേരൂരിൽ ആണ്. പൂരം പെരുമയുമാർന്ന നീലംപേരൂർ പൂരം പടയണി ഈ ഗ്രാമത്തിന്റെ വിശേഷ ഉത്സവങ്ങളിലൊന്നാണ്.

## ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗോമിണ അന്തരീക്ഷത്തിൽ സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. മികച്ച വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ജനങ്ങളുടെ ഇടയിൽ പൊതുവിദ്യാഭ്യാസത്തിന്റെ മികവാർന്ന ധാരണകൾ രൂപപ്പെടുത്തുക.
3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കി പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുക.
4. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘ-കാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.
5. 5 മുതൽ 10 വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തനകല രൂപപ്പെടുത്തൽ
6. അധ്യാപനവും, അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയത്തിന്റെ ചരിത്രം

1931-ൽ പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായാൽ ശിലാസ്ഥാപന കർമ്മം നടത്തി സുറിയാനി സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ചു. 1935-ൽ ഇംഗ്ലീഷ് മീഡിയം അപ്പർ പ്രൈമറി സ്കൂളായി പരിവർത്തനം ചെയ്യുകയും 1949-ൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. തുടർന്ന് നാട്ടുകാരിൽ വിദ്യാലയത്തിന് പ്രാധാന്യം വർദ്ധിച്ചു വന്നവേളയിൽ 1956 നവംബർ ഒന്നു മുതൽ ഇത് ഒരു മലയാളം മീഡിയം സ്കൂളായി രൂപാന്തരപ്പെട്ടു.

കുറിച്ചി വനിതാമന്ദിരം ട്രസ്റ്റിന്റെ ചുമതലയിലുള്ള ഒരു എയ്ഡഡ് മാനേജ്മെന്റ് സ്കൂളാണിത്. നാലുവർഷമായി തുടർച്ചയായി 100% എസ്. എസ്. എൽ. സി വിജയം കരസ്ഥമാക്കിയ, പഞ്ചായത്തിലെ ഏക പെൺ വിദ്യാലയമാണിത്. കോട്ടയം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണിത്. മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവായുടെ നാമത്തിലുള്ള ചാപ്പലും, കോൺവെന്റും സമീപത്തായി സ്ഥിതിചെയ്യുന്നു.

# വിദ്യാലയം വികാസിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

1. 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തിലെ അറ്റകുറ്റപ്പണികൾ തീർത്ത് പുതുമോടിയിലാക്കുക.

2. പഠന - പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

5. ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കണം. വരും തലമുറയ്ക്കു കൈമാറേണ്ട ഭൂമിയിലെ താൽകാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

7. പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ്. ആർ. ജി യോഗത്തിൽ മന്ദിരം സ്കൂൾ - വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ് / വിഷയ അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമിക - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ, SRG, PTA, MTA, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയ വരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം

A. ഭൗതികം - നേട്ടങ്ങൾ

നിലവിലുള്ള 9 ക്ലാസ് മുറികളിൽ 3 എണ്ണം ഹൈടെക് സംവിധാനത്തിലുള്ളതാക്കി. കഞ്ഞിപ്പുരയുടെ നവീകരണ പ്രവർത്തനങ്ങൾ തുടക്കം കുറിച്ചു.

B. ഭൗതികം - പരിമിതികൾ

ഓഫീസ്, സ്റ്റാഫ്റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് കെട്ടിടങ്ങൾ ഉണ്ടെങ്കിലും മതിയായ സൗകര്യങ്ങൾ ഇല്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ഓഡിറ്റോറിയം, സ്റ്റേജ്, ഭോജനശാല, ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക്, വിശാലമായ കളിസ്ഥലം എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

C. അക്കാദമികം - നേട്ടങ്ങൾ

10 വർഷത്തിനുള്ളിൽ തുടർച്ചയായി എസ്. എസ്. എൽ. സി പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു. വാർഷിക വെക്കേഷൻ സമയങ്ങളിൽ പഠനയാത്ര, സഹവാസ ക്യാമ്പുകൾ നടത്തിവരുന്നു. ക്ലാസുതലത്തിലും, സ്കൂൾ തലത്തിലും വിഷയാധിഷ്ഠിത മാഗസിനുകൾ, ശില്പശാലകൾ, എക്സിബിഷൻ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തിവരുന്നു.

D. അക്കാദമികം- പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ശാസ്ത്ര ശാല, IT ലാബ്, ലബോറട്ടറികൾ ഇവ ആധുനികവൽക്കരിക്കണം. ക്ലാസ്, ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. കലാ-കായിക വിഷയങ്ങളിൽ പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം. ചില വിഷയങ്ങളിൽ സ്ഥിര നിയമന അധ്യാപകർ ഇല്ലാത്ത അവസ്ഥ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ലൈബ്രറി ആധുനികവൽക്കരിക്കൽ | • ഓഫീസ് മുറി, സ്റ്റാഫ് റൂം, വിശ്രമമുറി, കംപ്യൂട്ടർ റൂം ഇവ നവീകരിക്കുക | • പി.ടി.എ ശക്തിപ്പെടുത്തുക<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • ലബോറട്ടറി ആധുനികവൽക്കരിക്കൽ | ചുറ്റുമതിൽ, കളിസ്ഥലം, ചിൽഡ്രൻസ് പാർക്ക്, ക്ലാസ്മുറി നവീകരണം | • ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ, |
| • ഗണിതശേഷി വികസനം | • മൾട്ടിമീഡിയ റൂം, ലൈബ്രറി | വിദ്യാഭ്യാസ പ്രവർത്തനങ്ങൾ |

• പഠനയാത്ര

ചരിത്ര പ്രധാനമുള്ള സ്ഥലങ്ങൾ / വ്യക്തികൾ എന്നിവരെ സന്ദർശിക്കൽ

പ്രകൃതി ശാസ്ത്ര പരിസ്ഥിതി പഠനം

• നാടോടി ഉപകരണങ്ങളും നാടൻ പാട്ടുകളും ശേഖരിക്കുക.

• വ്യക്തിത്വ വികസനം

• മോറൽ ക്ലാസുകൾ

• സ്കൂൾ അസംബ്ലി

• ദിനാചരണങ്ങൾ

• കൗൺസിലിംഗ് ക്ലാസുകൾ

ഡിബേറ്റ്

• യുവജനോത്സവം

അക്കാദമിക നിലവാരം

പഠനത്തിൽ ശരാശരി പിന്നോക്കം, മുന്നോക്കം നിൽക്കുന്ന കുട്ടികളെ തിരിച്ച് വ്യക്തമായ ധാരണ രൂപീകരിക്കുക

ഗണിതം വിജയം

മലയാളത്തിളക്കം

തുടങ്ങിയവ കാര്യക്ഷമമാക്കുക

സ്കൂൾ ലൈബ്രറി

• സ്കൂൾ ലൈബ്രറിയുടെ അനുദിന വികാസത്തിനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുക.

• പുസ്തക സമ്മാനം

• ജന്മദിനത്തിൽ ഒരു പുസ്തകം

• പുസ്തക പ്രദർശനം

• വായനക്കുറിപ്പ് തയ്യാറാക്കൽ

• ചുവർ പത്രം

• കൈയെഴുത്തു മാസിക

• ക്ലാസ് പത്രവിതരണം

• ശാസ്ത്രോത്സവം

• ഗണിതോത്സവം

• നാട്ടിലെ പ്രധാന ക്ഷേത്രങ്ങൾ / പള്ളികൾ, കാവുകൾ തുടങ്ങിയവയുടെ വിശ്വാസ പരവും അനുഷ്ഠാന പരവുമായ പ്രത്യേകതകൾ കണ്ടറിയുക.

• ഭവനസന്ദർശനം

• വിദ്യാലയ മികവുകൾ

• പൊതു സമൂഹവുമായി പങ്കിടൽ

| | | |
|---|---|---|
| • ഇംഗ്ലീഷ് പഠന പരിപോഷണം<br>• വായനാ പരിപോഷണം<br>• ഭാഷാശേഷി വികസനം<br>• ജൈവ വൈവിധ്യ പാർക്ക്<br>• പഠനയാത്രകൾ<br>• സെമിനാറുകൾ<br>• കലാ-കായികമേള<br>• ഐ.ടി. പരിശീലനം<br>• ക്ലാസ് പി.ടി.എ സജീവമാക്കൽ<br>• സ്കൂൾ പത്രം/മാസിക<br>• പ്രവൃത്തി പരിചയ പഠനം<br>• എസ്. ആർ. ജി. ശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• രചന ശില്പശാല | ലൈബ്രറി, അടുക്കള, ഡൈനിംഗ് ഹാൾ<br>• കുടിവെള്ള വിതരണം<br>• ടോയ്‌ലറ്റ്<br>• ലാബ്<br>• മാലിന്യ സംസ്കരണം<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• ദിനാചരണം<br>• കായിക പഠനം<br>• ടേം മൂല്യനിർണ്ണയം<br>• ചിത്രരചന<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | പൂർവ്വാദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ പ്രമുഖർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.<br>• ക്ലാസ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>• പൊതുസമൂഹത്തിനു അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം |

## മാതൃഭാഷാ പഠനം U.P

പേര്: സർഗ്ഗശേഷി വികാസം

ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ പരിപോഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | * പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ കുട്ടികൾ വായിക്കുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും പ്രതികരണ ശേഷി ഉണർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| * സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി കുട്ടികളുടെ സർഗ്ഗശേഷി വളർത്തൽ | * സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ | പി.ടി.എ |
| * കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ, മൂകാഭിനയം തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | സ്കൂൾ | സ്കൂൾ |

# മാതൃഭാഷാപഠനം H.S

പേര്: രചനാശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>× പുസ്തക ചർച്ച<br>× വായന കുറിപ്പ്, പതിപ്പ്<br>× വിവിധ സാഹിത്യ ശാലകൾ പരിചയപ്പെടൽ | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | പി.ടി.എ |
| 2. ഭാഷാപരമായി പിന്നോക്കരെ സമ്പന്നരാക്കൽ | പ്രീടെസ്റ്റ്<br>× അക്ഷരം ഉറപ്പിക്കൽ<br>× കൂട്ടക്ഷരം ഉറപ്പിക്കൽ<br>× അക്ഷര കാർഡ് നൽകൽ<br>× വാക്കുകൾ എഴുതിയ കാർഡ്<br>ചിത്രം-കഥ നൽകൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ്സ് | 2 മാസം.<br>പോസ്റ്റ് ടെസ്റ്റ് | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ചുമതല |
|---|---|---|---|---|
| 3 കുട്ടിയെ മികച്ച വായനക്കാരനാക്കുക | × ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>× സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>× സമീപ ഗ്രന്ഥശാല അംഗത്വം<br>× പത്രവായന<br>× പുസ്തകചർച്ച<br>× വായനാനുഭവം<br>× വായനക്കുറിപ്പ് പതിപ്പ്<br>× വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>× ദിനാചരണം | 6 മാസം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികപ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | പ്രസംഗ പരിശീലന കളരി<br>× വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>× മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ ഇവ കേൾപ്പിക്കുന്നു<br>× പ്രസംഗം അവതരിപ്പിക്കാൻ വേദിനൽകുന്നു. | 6 മാസം | ഓഡിയോ<br>വീഡിയോ | ട്രെയിനർ<br>അധ്യാപകർ |

## പ്രവർത്തനം: 3 English Assembly

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ (LSRW) ഭാഷാ ശേഷി വർധിക്കുവാനുള്ള അവസരമൊരുക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. ഓരോ ക്ലാസ്സും അസംബ്ലിയുടെ ചുമതല നിർവ്വഹിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | — |

## പ്രവർത്തനം: 4 Let's Listen & Write, English Fest

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം ഒരുക്കുന്നു, | ക്ലാസ് പ്രവർത്തനങ്ങൾ | ഇംഗ്ലീഷ് ടീച്ചർ, SRG, PTA | PTA |
| | കവിതാ രചന, ആലാപന മത്സരങ്ങൾ നടത്തുന്നു. | മാസത്തിൽ ഒന്ന് | | |
| | രചനകളുടെ പ്രദർശനം. | വർഷത്തിൽ രണ്ട്. | | |
| | English Fest | വർഷത്തിൽ ഒന്ന് | | |

മേഖല : ഇംഗ്ലീഷ്

പ്രവർത്തനം-1 English Club

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ അന്തർലീനമായ കഴിവുകൾ കണ്ടെത്തുവാനും പരിപോഷിപ്പിക്കുവാനും | ക്വിസ് മത്സരങ്ങൾ കളികൾ, രചനാ മത്സരങ്ങൾ ഇവ ക്ലബ്ബിന്റെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരു ദിവസം നടത്തുന്നു. | ആഴ്ചയിൽ ഒന്ന്. | ഇംഗ്ലീഷ് ടീച്ചർ | — |

പ്രവർത്തനം-2 English Corner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വായനാന്തരീക്ഷം സൃഷ്ടിക്കാൻ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പത്ര വാർത്തകൾ മാസികകൾ കഥകൾ തുടങ്ങി കുട്ടികളിൽ ഭാഷാ പ്രാധാന്യം അറിയിക്കുന്ന ബോർഡ് സ്ഥാപിക്കുന്നു. | മാസത്തിൽ ഒന്ന് | ഹെഡ് മിസ്ട്രസ് | PTA Management |

# രാഷ്ട്രഭാഷ ഹിന്ദി

## അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ<br>ഹിന്ദി അക്ഷരമാല മുതൽ അനായാസകരമായി ഹിന്ദി ഉൾപ്പെടുന്നു അക്ഷരങ്ങളെ പരിചയപ്പെടുന്നു അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക | |
| 2. ഹിന്ദി വായന<br>തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം ശേഖരിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും | // | // | |
| 3. ഹിന്ദി സംസാരം<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കുക. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും | // | // | |

മേഖല - ഹൈസ്കൂൾ - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ | ✓ |
| ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം - പുസ്തകങ്ങൾ വായിച്ച് ഗണിതപഠനത്തോട് താല്പര്യം വളർത്തുന്നു. | സെമിനാർ. Paper presentation - Quiz. ഗണിത ക്ലബ്ബ് രൂപീകരണം. | വായനവാരം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| നിർമിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർച്ചയായി | അധ്യാപകർ | പി.ടി.എ |
| | വൃത്ത പാറ്റേൺ ഉപയോഗിച്ച് അത്തപ്പൂക്കളം | August | വിദ്യാർത്ഥികൾ | |
| കൈയ്യെഴുത്ത് മാസിക - തയ്യാറാക്കൽ | കുട്ടികളുടെ രചനകൾ, ഗണിതസമസ്യകൾ - വിവിധ പാറ്റേണുകൾ - | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ. ഗണിത ക്ലബ്ബ് | |
| ഗണിതശാസ്ത്ര വേദികളിലേക്ക് മേളകളിൽ ഉജ്ജ്വലനേട്ടം കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് തയ്യാറാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി. അധ്യാപകർ | പി.ടി.എ |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി. അധ്യാപകർ | പി.ടി.എ |

## യു.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ വിദ്യാർത്ഥികളും ഉറപ്പുവരുത്തുന്നു. | ഗണിതശില്പശാല കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനു ഈ പ്രവർത്തനങ്ങൾ നൽകുന്നു. (നംബർ കാർഡ്, മഞ്ചാടിക്കുരു, ഉത്തരപ്പൂക്കൾ, ഫ്ലാഷ് കാർഡ്.... ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപിക | |
| ഗണിത പഠന പ്രവർത്തനങ്ങൾ ആസ്വാദ്യമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപികയും ഗണിതക്ലബ് അംഗങ്ങളും | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപികയും, മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് പ്രത്യേക പരിശീലനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപികയും സമർത്ഥരായ കുട്ടികളും. | |

## അടിസ്ഥാന ശാസ്ത്രം . u.p

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക എന്ന ലക്ഷ്യം | Science projectൽ തയ്യാറാക്കി അവ ബ്ലോഗ് ചെയ്യുന്നു. | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | 1000/ |
| കുട്ടികളെ ശാസ്ത്രമേളയിൽ പങ്കാളികളാക്കുക. | സ്കൂൾ ശാസ്ത്രമേള നടത്തി വിജയികളായവരെ സബ്ജില്ലാ തലത്തിൽ കൊണ്ട് പോകുന്നു | ജൂൺ മാസം | ശാസ്ത്ര അധ്യാപിക | 1000/ |
| കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാൻ. | സയൻസ് എക്സിബിഷൻ നടത്തുന്നു | നവംബർ മാസം | സയൻസ് ക്ലബ് അംഗങ്ങൾ | പി.ടി.എ |
| കുട്ടികളുടെ ശാസ്ത്രീയ വളർച്ചക്ക് ഉതകുന്ന തരത്തിലുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുക | ശാസ്ത്ര ക്വിസ്, ശാസ്ത്ര പരീക്ഷണങ്ങൾ, field trip എന്നിവ നടത്തുന്നു. | 3 മാസം | UP കുട്ടികൾ | 1000/ |

## ഉപമേഖല - ഫിസിക്കൽ സയൻസ് (എച്ച്.എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസതന്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ആറ്റം, തന്മാത്ര, മൂലകങ്ങൾ, സംയുക്തങ്ങൾ, പ്രതീകം, രാസസൂത്രം, രാസസമവാക്യം എന്നിവ അറിയുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ - സെപ്റ്റംബർ | അധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ |
| ഊർജ്ജതന്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ | ചലനം, ത്വരണം, പ്രവേഗം, സ്ഥാനാന്തരം (അളവുകൾ) - സായാഹ്നക്ലാസ്സുകൾ ഗ്രാഫ് വിശകലനം, പരിശീലനങ്ങൾ | ജൂൺ- ആഗസ്റ്റ് | അധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ |
| ശാസ്ത്രപരീക്ഷണങ്ങളിലൂടെ ആശയങ്ങൾ ഉറപ്പിക്കൽ | ലാബധിഷ്ഠിത ക്ലാസ്സുകൾ | ജൂൺ - ഫെബ്രുവരി | അധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ, പി.ടി.എ. |
| ശാസ്ത്രപ്രതിഭകളെ കണ്ടെത്തൽ | . സയൻസ് ക്വിസ് | സെപ്റ്റംബർ - ഡിസംബർ | അധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ |
| ശാസ്ത്രാഭിരുചി വളർത്തൽ | - ശാസ്ത്രമേള - ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ | ജനുവരി- ഫെബ്രുവരി | അധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ, പി.ടി.എ വികസന സമിതി |
| അന്വേഷണാത്മക പഠനം പ്രോത്സാഹിപ്പിക്കൽ | വാന നിരീക്ഷണം, ജ്യോതിശാസ്ത്ര ക്ലാസ്സുകൾ, ശാസ്ത്ര പ്രോജക്ട് പരിചയപ്പെടുത്തൽ, YIP, സൃഷ്ടി തുടങ്ങിയ Online പ്രോജക്ടുകൾ | ജൂലൈ- ജനുവരി | അധ്യാപകർ, സയൻസ് ക്ലബ്ബ് | അധ്യാപകർ പി.ടി.എ |

ഉപമേഖല - ബയോളജി (എച്ച്. എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതശൈലി രോഗങ്ങൾ വ്യായാമം ഭക്ഷണരീതി ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയുക | ബോധവത്ക്കരണ ക്ലാസ്, കൊളാഷ്, സംവാദം. | സെപ്റ്റംബർ - നവംബർ | ജീവശാസ്ത്ര അധ്യാപകർ | അധ്യാപകർ |
| വയോജനങ്ങളോടുള്ള സമീപനം ദൃഢമാക്കൽ | വിവിധയോ ദർശനം, വൃദ്ധസദനങ്ങൾ സന്ദർശിക്കൽ | ഒക്ടോബർ | ജീവശാസ്ത്ര അധ്യാപകർ, റെഡ് ക്രോസ് | അധ്യാപകർ, റെഡ്ക്രോസ് |
| ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ | - നിരീക്ഷണം<br>- പ്രൊജക്ട്<br>- പക്ഷിനിരീക്ഷണം<br>- കൃഷിരീതിയിലെ വ്യത്യാസങ്ങൾ<br>- കാർഷികഇനങ്ങൾ (പരമ്പരാഗതവും, സങ്കരയിനങ്ങളും)<br>- വൃക്ഷനിരീക്ഷണം | ജൂൺ - ജനുവരി | പരിസ്ഥിതി ക്ലബ്ബ്, അധ്യാപകർ | ഇല്ല |
| ശുചിത്വ ബോധം വളർത്തിയെടുക്കൽ | - വ്യക്തിശുചിത്വം<br>- പരിസരശുചിത്വം (ക്ലാസ്സ്, സ്കൂൾ) | ജൂൺ - ആഗസ്റ്റ് | സ്കൂൾ പാർലമെന്റ് അംഗങ്ങൾ | P.T.A |
| രോഗപ്രതിരോധം | മഴക്കാലരോഗങ്ങളെ പ്രതിരോധിക്കുക, വൈദ്യബോധ പ്രചാരണം | ജൂൺ - ആഗസ്റ്റ് | ക്ലാസ്സധ്യാപകർ, പരിസ്ഥിതി ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് റെഡ് ക്രോസ് | ഹെൽത്ത് ക്ലബ്ബ്. |

## ഉപമേഖല - ഐ.സി.ടി (എച്ച്.എസ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐ.ടി ലാബ് പരിപാലനം, ക്ലാസിലെ (സ്മാർട്ട് ക്ലാസ്) ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ | ഗ്രൂപ്പ് പ്രവർത്തനം ചുമതലാ വിഭജനം ഓരോ ക്ലാസിലെയും ക്ലാസ് ഐ.ടി കോർഡിനേറ്റർമാരുടെ നേതൃത്വത്തിലൂടെ പ്രവർത്തനങ്ങൾ | ജൂൺ ഫെബ്രുവരി | SITC, JSITC, SSITC IT club | അധ്യാപകർ, KITE |
| സ്കൂൾ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് site ൽ ഉൾപ്പെടുത്തുന്നതിന് | മികച്ച പ്രവർത്തനങ്ങൾ കണ്ടെത്തി വാർത്ത, കുറിപ്പ് തയ്യാറാക്കൽ | ജൂൺ- ഫെബ്രുവരി | ഐ.ടി ക്ലബ് | P.T.A |
| ഷോർട്ട് ഫിലിം, ന്യൂസ് നിർമ്മിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | ഷോർട്ട് ഫിലിം, ന്യൂസ് നിർമ്മാണം (കെഡൻലൈവ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച്) | സെപ്റ്റംബർ നവംബർ | ഐ.ടി ക്ലബ് | P.T.A |
| മലയാളം ടൈപ്പിംഗ്, പ്രസന്റേഷൻ തയ്യാറാക്കൽ എന്നിവ പരിചയപ്പെടുക, IT മേള നടത്തുക | IT മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കാനുള്ള ശേഷി കൈവരിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു. | ഒക്ടോബർ നവംബർ ഡിസംബർ | ഐ.ടി ക്ലബ് SITC | P.T.A |

# Social Science

| പ്രശ്നം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ ചരിത്രബോധം ഉള്ളവരാക്കുക | ചരിത്രപ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുക. | നിശ്ചിത തിയതികളിൽ നടക്കുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപിക | കുട്ടികൾ sponsers |
| ജനാധിപത്യ ബോധം ജനാധിപത്യ മൂല്യങ്ങൾ ധാരണ നേടുക | School Parliament, Mock Parliament, സാമൂഹ്യ സേവന പ്രവർത്തനങ്ങൾ നടത്തുക, ജനാധിപത്യ ആശയം പരിചയപ്പെടുത്തൽ | നിശ്ചിത തിയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപിക. | |
| മതേതരത്വ മനോഭാവം, സഹിഷ്ണുത സൃഷ്ടിക്കുക. | മതേതര മൂല്യങ്ങളുമായി ബന്ധപ്പെട്ട ബോധവത്കരണ ആഘോഷങ്ങൾ, പരസ്പര പങ്കിടൽ | നിശ്ചിത തിയതികളിൽ | ,, | |
| പ്രകൃതി പരിസ്ഥിതി സംരക്ഷണ ബോധമുള്ളവരാക്കുക | പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകൾ സംവാദങ്ങൾ, കൃഷിത്തോട്ട നിർമ്മാണം പൂന്തോട്ട സംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുക. | വർഷം മുഴുവൻ നടക്കുന്ന പ്രവർത്തനം | അധ്യാപകർ | ,, |

മേഖല - ഹൈസ്ക്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാമൂഹ്യ അവബോധം വളർത്തുക | സാമൂഹ്യപ്രാധാന്യവും ചരിത്രപ്രാധാന്യവുമുള്ള ദിനങ്ങളിൽ ബോധവത്ക്കരണം സന്ദേശ പ്രവർത്തനങ്ങൾ ക്വിസ് പോസ്റ്റർ നിർമ്മാണം | ജൂൺ ഫെബ്രുവരി | SS club | |
| ചരിത്രബോധം വളർത്തുക, ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല ജീവിതശൈലി കൂടിയാണ് എന്ന ചിന്താഗതി, ഭരണഘടന മൂല്യങ്ങൾ തിരിച്ചറിയുക | വയോജനദിനത്തിൽ അവരെ ആദരിക്കുക വയോജന ക്ഷേമ സന്ദേശം, സ്കൂൾ പാർലമെന്റ് ഇലക്ഷൻ, മോക്ക് പാർലമെന്റ് ഭരണഘടന ദിനം, ഗാന്ധി ജയന്തി ദിനാചരണ പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | S S club | അധ്യാപകർ |
| പാരമ്പര്യ സംസ്കാരം ദേശബോധം പഴമക്കാർ തുടങ്ങിയ മൂല്യങ്ങൾ വളർത്തുക | ഓണം - വിഷു തുടങ്ങിയ ദിനങ്ങളുടെ ചരിത്രങ്ങൾ കുട്ടികളിലേക്ക് പകർന്നിടുക ആഘോഷങ്ങൾ നടത്തുക | സെപ്റ്റംബർ | S S club | അധ്യാപകർ PTA |

## മേഖല - ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രാവബോധം വളർത്തൽ | ചരിത്ര സിനിമകൾ കാണിക്കുക, ചരിത്ര സ്മാരകങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ പഠനയാത്ര നടത്തുക. | നവംബർ ജനുവരി | S S club അധ്യാപകർ PTA | രക്ഷകർത്താക്കൾ |
| സമകാലിക സംഭവങ്ങൾ അറിയുക | സ്കൂൾ ന്യൂസിൽ തയ്യാറാക്കൽ, പത്രവായന മത്സരങ്ങൾ നടത്തുക, സ്കൂൾ അസംബ്ലിയിൽ പത്രവായന | വർഷം മുഴുവൻ | S S club | |
| ഭൂപട വായന പരിശീലിക്കുക | ലോക ഭൂപടത്തിലെ സവിശേഷതകൾ പരിചയപ്പെടുത്താനും അറ്റ്ലസ്, ഗ്ലോബ് വച്ച് നിരീക്ഷണം നടത്തി കണ്ടെത്തലുകൾ രേഖപ്പെടുത്തൽ | വർഷം മുഴുവൻ | അധ്യാപിക | |

# SRG പ്രവർത്തനങ്ങൾ

സമയബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, അക്കാദമിക കാര്യങ്ങൾ പരസ്പരം പങ്കിടുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് മുന്നിൽ കൊണ്ടുകൊണ്ട് പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുന്നു.

SRG യോഗങ്ങളിൽ സംശയങ്ങൾ നിവാരണം ചെയ്യുന്നതും, തയ്യാറെടുപ്പുകൾ നടത്തുന്നു. അദ്ധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. ക്ലാസ്സ് റൂം അനുഭവങ്ങൾ പങ്കുവയ്ക്കുകയും, പഠനാസൂത്രണം നടത്തുകയും ചെയ്യുന്നതിലൂടെ അദ്ധ്യാപകരിലുള്ള കുറവുകൾ പരിഹരിക്കുവാൻ സാധിക്കുന്നു.

ഹെഡ്മിസ്ട്രസ് ശ്രീമതി ആനിതോമസ് ചെയർപേഴ്സൺ ആയും ശ്രീമതി ജാനി പുന്നൂസ് കൺവീനറായും എല്ലാ അദ്ധ്യാപകരും അംഗങ്ങളായുമുള്ള SRG ആഴ്ചയിൽ ഒന്നുവീതം കൂടുകയും മുൻകൂട്ടി

തയ്യാറാക്കിയ അജണ്ട അനുസരിച്ച് സമയബന്ധിതമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

SRG മീറ്റിംഗ് കൂടി തീരുമാനമെടുക്കുകയും, നടപ്പാക്കുകയും വിലയിരുത്തുകയും. മുൻ SRG തീരുമാനങ്ങൾ നടപ്പിലാക്കിയോ എന്ന് പരിശോധിക്കുകയും ചെയ്യുന്നു. Class PTA, ക്ലബ് പ്രവർത്തനങ്ങൾ, വാർഷിക കലണ്ടർ നിർമ്മാണം, തനതുപ്രവർത്തനങ്ങളുടെ പുരോഗതി പരിശീലന ക്ലാസ്സുകളിലെ പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളിലെല്ലാം SRG ശ്രദ്ധിക്കുന്നു.

# ഉപസംഹാരം

സെന്റ് എം.എം.ജി എച്ച് കുറിച്ചി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യക്തമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിനു സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിനു കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.